# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *148** 01.11.2019 -ലെ മറുപടിയ്ക്ക്

## ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയ സംഭവത്തിലെ അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. എം. ഉമ്മർ | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസ്സ് പ്രതി ശിവരഞ്ജിത്തിന്റെ വീട്ടിൽ നിന്നും കേരള യൂണിവേഴ്സിറ്റിയുടെ ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയ സംഭവത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പും യൂണിവേഴ്സിറ്റിയും അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ സർവകലാശാല പ്രാഥമിക അന്വേഷണം നടത്തുകയും, വിശദമായ അന്വേഷണം നടത്തുന്നതിനായി, സംസ്ഥാന പോലീസിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കുത്തു കേസ്സിൽ പ്രതികളായവരുടെ ബിരുദ മാർക്കുകൾ പരിശോധിച്ച് യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യത വീണ്ടെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | കുത്തുകേസ്സിൽ പ്രതികളായവരുടെ ബിരുദ മാർക്കുകൾ പരിശോധിക്കുവാൻ അന്വേഷണ ഏജൻസികളിൽ നിന്നും നാളിതുവരെ നിർദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.